# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 240** **28.05 .2019 -ൽ മറുപടിയ്ക്ക്**

## ഗസറ്റ് വിജ്ഞാപനം ഓൺലൈനിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. ഉമ്മർ** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | ഔദ്യോഗിക ഗസറ്റിനു പുറമെ സർക്കാർ കലണ്ടർ, ഡയറി, ദിനസ്മരണ (ഇംഗ്ലീഷ്/ മലയാളം), ബഡ്ജറ്റ്, എം.പി.മാരുടെ സമ്മേളനം, കലക്ടർമാരുടെ സമ്മേളനം എന്നിവയ്ക്ക് ആവശ്യമായ രേഖകൾക്കൂടി സമയബന്ധിതമായി ചെയ്തു തീർക്കേണ്ടി വരുന്നതിനാലാണ് ഔദ്യോഗിക ഗസറ്റ് പ്രസിദ്ധീകരിക്കുവാൻ കാലതാമസം നേരിട്ടത്. കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ നൽകാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ നൽകുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്;പ്രസ്തുത ഏജൻസിക്ക് നൽകുവാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | (സി) | സി-ഡിറ്റിനെയാണ് ഈ ജോലി ഏൽപ്പിച്ചത്. ഈ മേഖലയിലെ പരിചയം കണക്കിലെടുത്താണ് ഏൽപ്പിച്ചിട്ടുള്ളത്. |
| (ഡി) | ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിന് നേരിട്ട് സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ഡി) | അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.printing.kerala.gov.in മുഖേന നേരിട്ട് ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |

**സെക്ഷൻ ഓഫീസർ**